പാറശ്ശാല ഓവർസീയർ ആഫീസ്

108(1011) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാറശ്ശാല നിയോജകമണ്ഡലത്തിലെ ഉച്ചക്കടയിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക്കൽ ഓവർസീയർ ആഫീസ് ഉപഭോക്താക്കളുടെ വർദ്ധനയുടെ അടിസ്ഥാനത്തിൽ സെക്ഷൻ ആഫീസായി ഉയർത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഉച്ചക്കടയിലെ ഇലക്ട്രിക്കൽ ഓവർസീയർ ആഫീസ് സെക്ഷനാഫീസായി ഉയർത്തുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ വൈദ്യുതി ബോർഡിന്റെ പരിഗണനയിലില്ല.

പാറശ്ശാല 110 കെ.വി. സബ്സ്റ്റേഷൻ

109(1012) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാലയിൽ സ്ഥാപിക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ പണി മന്ദീഭവിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സബ്സ്റ്റേഷന്റെ പണി ഇക്കൊല്ലാം തന്നെ പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പാറശ്ശാലയിൽ സ്ഥാപിക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ പണി ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. 2000-ാം ആണ്ട് മാർച്ചിൽ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കടയ്ക്കാവൂരിൽ വൈദ്യുത സബ്സ്റ്റേഷൻ നിർമ്മാണം

110(1013) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടയ്ക്കാവൂരിൽ വൈദ്യുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ആയതിലേക്കുള്ള സ്ഥലമെടുപ്പ് ജോലികൾ ഇപ്പോൾ ഏത് നിലയിലാണെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥലമെടുപ്പ് ജോലികൾ പൂർത്തിയാക്കി സബ്സ്റ്റേഷൻ നിർമ്മാണം ഉടനാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് നൽകിക്കഴിഞ്ഞതിനാൽ സ്ഥലമെടുപ്പ് സംബന്ധിച്ച ജോലികൾ ധൃതഗതിയിൽ നടന്ന് വരുന്നു.

(സി) സ്ഥലം ലഭ്യമായാൽ എത്രയുംവേഗം പണി ആരംഭിക്കുന്നതാണ്.

വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിക്കുന്ന നടപടി

111(1014) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ എത്ര ലാഭകേന്ദ്രങ്ങളായി വിഭജിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഓരോ ലാഭകേന്ദ്രവും എത്ര ശതമാനം ലാഭമുണ്ടാക്കണമെന്നാണ് വിവക്ഷിക്കുന്നത് ;

(സി) ഇതനുസരിച്ച് വൈദ്യുതിയുടെ വില്പന വില എന്തായിരിക്കണമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിക്കാൻ ഉദ്ദേശമില്ല. ബോർഡിന്റെ പുന:സംഘടനയുടെ ഭാഗമായി ബോർഡിൽ ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്ക് പ്രത്യേകം പ്രത്യേകം ലാഭകേന്ദ്രങ്ങൾ ഉണ്ടാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുത നയം അനുസരിച്ച് ബോർഡിന്റെ മൊത്തം ഇക്വിറ്റിയുടെ പതിനാറു ശതമാനം ലാഭമുണ്ടാക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്.

(സി) ലാഭകേന്ദ്രങ്ങളാക്കുന്നതുകൊണ്ട് നിലവിലുള്ള വൈദ്യുതി നിരക്കിന് മാറ്റം വരില്ല. വൈദ്യുതിയുടെ വില്പന വില, ഉല്പാദനചെലവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്.

വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം സംബന്ധിച്ച് കേന്ദ്രനിർദ്ദേശം

112(1015) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :

LIBRARY ARCHIVES Kerala Legislative Assembly